# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5068 23/03/2018-ന് മറുപടിക്ക്**

## ജലസംരക്ഷണ പദ്ധതികളുടെ അപര്യാപ്തത

**ചോദ്യം**

**ശ്രീ. പാറക്കൽ അബ്ദുല്ല**

എ) ജലസംരക്ഷണ പദ്ധതികളില്ലാത്തത് കാരണം കേരളത്തിന് ലഭിക്കേണ്ട ജലം അയൽ സംസ്ഥാനങ്ങൾ ചോർത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

ബി) പ്രതിവർഷം ശരാശരി 3000 ടി.എം.സി ജലം മഴയിലൂടെ സംസ്ഥാനത്ത് ലഭിക്കുമ്പോൾ ഉപയോഗിക്കപ്പെടുന്നത് 290 ടി.എം.സി മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

സി) കബനി നദിയിൽ നിന്ന് കേരളത്തിന് അനുവദിച്ച 21 ടി.എം.സി ജലത്തിൽ 17 ടി.എം.സിയും കർണ്ണാടകയാണ് ഉപയോഗിക്കുന്നതെന്നത് വസ്തുതയാണോ ; വ്യക്തമാക്കാമോ ;

**ഉത്തരം**

**മാത്യു റ്റി. തോമസ്**
**(ജലവിഭവ വകുപ്പ്മന്ത്രി)**

എ) കേരളത്തിന്റെ ജലസമ്പത്ത് അനധികൃതമായി അയൽ സംസ്ഥാനങ്ങൾ ചോർത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ ബന്ധപ്പെട്ട നദീതടങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും, ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ വിജിലൻസ് കോർഡിനേറ്ററായും നിയോഗിക്കപ്പെട്ടിട്ടുള്ള സംവിധാനം നിലവിലുണ്ട്. എല്ലാ മാസവും വിജിലൻസ് ഓഫീസർമാർ സമർപ്പിക്കുന്ന റിപ്പോർട്ടിൻമേൽ ഉചിതമായ നടപടി സ്വീകരിച്ച് വരുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ (2017) പുതിയതായി കേരളത്തിന്റെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചു കൊണ്ടു പോകുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

ബി) സംസ്ഥാനത്തു ഏകദേശം 3000 മില്ലി മീറ്റർ മഴ ലഭിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ അതിൽ 290 ടി.എം.സി മാത്രമാണ് ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സി) ഇല്ല. കാവേരി നദീജലതർക്ക ട്രൈബ്യൂണലിന്റെ വിധി പ്രകാരം കബനി തടത്തിൽ 21 ടി.എം.സി ജലമാണ് അനുവദിച്ചത്. കബനി ബേസിനിൽ കേരളം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളും അവയ്ക്ക് ആവശ്യമായ ജലത്തിന്റെ അളവും

| | |
|---|---|
| | ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ചിട്ടുള്ള ജലത്തിന്റെ അളവും അനുബന്ധമായി വയ്ക്കുന്നു. |
| ഡി)കാവേരി കരാർ പ്രകാരം 30 ടി.എം.സി ജലം കേരളത്തിനവകാശപ്പെട്ടതാണെങ്കിലും ഉപയോഗിക്കുന്നത് 5 ടി.എം.സി മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) ഇല്ല. |
| ഇ) കഴിഞ്ഞ 35 വർഷത്തിനിടയിൽ കേരളം പ്രധാനപ്പെട്ട ജലസേചന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | ഇ) ജലസേചന വകുപ്പിനു കീഴിൽ പഴശ്ശി, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, റെഗുലേറ്റർ കം ബ്രിഡ്ജ് തൃത്താല, കല്ലട, ചിമ്മിനി, മൂവാറ്റുപുഴവാലി എന്നിവ കഴിഞ്ഞ 35 വർഷത്തിനിടയിൽ പൂർത്തീകരിച്ച പദ്ധതികളാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## കബനി നദീതടം

| പദ്ധതിയുടെ പേര് | | കേരളം ആവശ്യപ്പെട്ട ജലം (ടി.എം.സി) | ട്രൈബ്യൂണൽ അനുവദിച്ച ജലം (ടി.എം.സി) |
|---|---|---|---|
| 1 | കാരാപ്പുഴ | 2.8 | 2.8 |
| 2 | നൂൽപ്പുഴ | 3.7 | 1.25 |
| 3 | ബാണാസുരസാഗർ | 6.7 | 0.84 |
| 4 | മഞ്ചാട്ട് | 2.2 | .... |
| 5 | മാനന്തവാടി | 16.0 | ..... |
| 6 | തിരുനെല്ലി | 3.5 | 1.81 |
| 7 | തൊണ്ടാർ | 2.7 | 1.75 |
| 8 | പെരിങ്ങോട്ടുപുഴ | 4.0 | 1.37 |
| 9 | കല്ലംപതി | 3.2 | 2.49 |
| 10 | കടമൻതോട് | 1.1 | 1.53 |
| 11 | ചേഗാട്ട് | 1.5 | .... |
| 12 | ചുണ്ടെലിപുഴ | 2.5 | 1.31 |
| 13 | മൈനർ ആന്റ് ലിഫ്റ്റ് ഇറിഗേഷൻ | 4.0 | 2.55 |
| 14 | കുടിവെള്ളം | 3.0 | 0.20 |
| 15 | വ്യാവസായിക ആവശ്യത്തിന് | 5.0 | 0.02 |
| 16 | പ്ലാന്റേഷൻ ക്രോപ്പിന്റെ അടിയന്തരാവശ്യത്തിനു വേണ്ടി | .... | 0.75 |
| 17 | റിസർവ്വോയർ ലോസ്സ് | ..... | 0.98 |
| 18 | മിച്ച ജലത്തിന്റെ പങ്ക്. | ..... | 0.91 |
| മൊത്തം | | 61.9 ടി.എം.സി | 20.56 ടി.എം.സി<br>**ie; 21** ടി.എം.സി |

സെക്ഷൻ ഓഫീസർ